"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ജോയിന്റ് ഡയറക്ടർ / ജനറൽ മാനേജർ തസ്തികയിലെ സ്ഥലംമാറ്റ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.732/2023/ID തീയതി,തിരുവനന്തപുരം, 20-07-2023

---

പരാമർശം:- 1. 15/06/2023 തീയതിയിലെ സ.ഉ. (പി) നം. 50/2023/വ്യവ

2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 04/07/2023 തീയതിയിലെ ഡിഐസി/12882/2018-ഇഡി2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വ്യവസായ വാണിജ്യ ഡയറക്ടറുടെ പരാമർശം (2) -ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വ്യവസായ വാണിജ്യ വകുപ്പിലെ ജോയിന്റ് ഡയറക്ടർ/ ജനറൽ മാനേജർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും, പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ജോയിന്റ് ഡയറക്ടർ / ജനറൽ മാനേജർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനായുള്ള സെലക്ട് ലിസ്റ്റിലുൾപ്പെട്ട ജീവനക്കാരെ കെ.എസ്.& എസ്.എസ്.ആർ ചട്ടം 28 (a) 1 പ്രകാരം Rs. 95600/- - Rs. 153200/- ശമ്പള സ്കെയിലിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റവും ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>സ്ഥലംമാറ്റം</u>**

1. പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ ശ്രീ. ബെനഡിക്ട് വില്ല്യം ജോൺസ് (പെൻ:-201088) -നെ അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.
2. മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ ശ്രീ. രഞ്ജിത്ത് ബാബു (പെൻ:-427036)-നെ കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

**<u>സ്ഥാനക്കയറ്റം</u>**

1. എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിലെ മാനേജർ ശ്രീ. രാകേഷ് വി. ആർ (പെൻ:-389344) -ന് ജോയിന്റ് ഡയറക്ടർ/ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

2. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിലെ മാനേജർ ശ്രീമതി. ഷീബാ. എസ് (പെൻ:- 200578) -ന് ജോയിന്റ് ഡയറക്ടർ/ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കി തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജനറൽ മാനേജർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

3. തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ മാനേജർ ശ്രീ. സജി. എസ്(പെൻ:- 201219) -ന് ജോയിന്റ് ഡയറക്ടർ/ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കി പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ ശ്രീ. ബെനഡിക്ട് വില്ല്യം ജോൺസിന് അന്യത്ര സേവന വ്യവസ്ഥയിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ നിയമനം നല്കിയതിനെ തുടർന്നുണ്ടായ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

4. കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിലെ മാനേജർ ശ്രീ. ദിനേശ് ആർ (പെൻ:- 201218) -ന് ജോയിന്റ് ഡയറക്ടർ/ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കി മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. രഞ്ജിത്ത് ബാബു-വിനെ സ്ഥലംമാറ്റിയ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
ജോയിന്റ് സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എർണാകുളം,
തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 20-07-2023 12:42:19
സെക്ഷൻ ഓഫീസർ

പകർപ്പ്:
1. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്
2. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
3. വ്യവസായ (എ) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.